**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 118** **15-10-2026-ൽ മറുപടിയ്ക്ക്**

**ആഡംബര നികുതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. ഡി. തോമസ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** 278.7ചതുരശ്ര മീറ്ററിന് (3000 സ്ക്വയർ ഫീറ്റ്) മുകളിൽ വിസ്തീർണ്ണമുള്ള വീടുകൾക്ക് പ്രതിവർഷം റവന്യൂ വകുപ്പ് ഈടാക്കുന്ന ആഡംബര നികുതി, വീട് നിർമ്മിച്ച് പതിനഞ്ച് വർഷത്തിലേറെ കഴിഞ്ഞിട്ടും യാതൊരു ഇളവുമില്ലാതെ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** 1975 ലെ കേരള കെട്ടിട നികുതി നിയമം, 1992 ലെ കേരള കെട്ടിട നികുതി (പ്ലിന്ത് ഏരിയ) ചട്ടങ്ങൾ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് 278.7 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വീടുകൾക്കാണ് റവന്യൂ വകുപ്പ് പ്രതിവർഷം അധിക നികുതി (ആഡംബര നികുതി) ഈടാക്കി വരുന്നത്. നിലവിൽ അധിക നികുതിക്ക് ഇളവുകൾ നൽകുവാൻ വ്യവസ്ഥയില്ല. എന്നാൽ അഞ്ചോ അതിലധികമോ വർഷത്തേക്ക് ഒരുമിച്ച് അധികനികുതി അടക്കുന്നവർക്ക് ആകെ നികുതിയുടെ 20% റിബേറ്റ് അനുവദിച്ച് വരുന്നുണ്ട്.

**(ബി)** വർഷങ്ങൾക്ക് മുൻപ് വിദേശത്ത് ജോലി ഉണ്ടായിരുന്ന സമയത്ത് നിർമ്മിച്ച ഇത്തരം വലിയ വീടുകളുടെ ഉടമകളായ പ്രവാസി മലയാളികളിൽ പലരും നിലവിൽ ജോലി നഷ്ടപ്പെട്ടും മറ്റും വലിയ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത നികുതിഭാരം കുറയ്ക്കാനാകുമോ എന്ന് പരിശോധിക്കുമോ;

**മറുപടി:** പരിശോധിക്കുന്നതാണ്.

**(സി)** പതിനഞ്ച് വർഷം പഴക്കമുള്ള ഒരു വീടിനെ ഇപ്പോഴും ആഡംബര പട്ടികയിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നത് അശാസ്ത്രീയമായതിനാൽ ഇത്തരം വീടുകളെ അവയുടെ പഴക്കം പരിഗണിച്ച് ആഡംബര നികുതിയിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കാനോ അല്ലെങ്കിൽ നികുതി ഈടാക്കുന്നതിന് പത്ത് അല്ലെങ്കിൽ പതിനഞ്ച് വർഷം എന്നൊരു കാലപരിധി നിശ്ചയിക്കാനോ തയ്യാറാകുമോ; വിശദമാക്കുമോ?

**മറുപടി:** പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**